# ഭാരതീയ ജനതാ പാർട്ടി

(സെൻട്രൽ ഓഫീസ്)
11, അശോകാ റോഡ്,
ന്യൂഡൽഹി-01

**ഏപ്രിൽ 2, 2013**

## ബിജെപി ദേശീയ വക്താവ് ശ്രീമതി നിർമ്മലാ സീതാരാമൻ പുറപ്പെടുവിക്കുന്ന പ്രസ്താവന

പാർലമെന്റിന്റെ നടപടിക്രമങ്ങളെയും കമ്മിറ്റികളെയും കോൺഗ്രസ് പാർട്ടി ആസൂത്രിതമായി തകർക്കുന്നതിനോടു ബിജെപി വിയോജിച്ചു. നേരത്തേ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയെ (പിഎസി) കർത്തവ്യ നിർവഹണത്തിൽനിന്ന് അവർ തടസപ്പെടുത്തിയിരുന്നു.

ടുജി അഴിമതിക്കേസിൽ സംയുക്ത പാർലമെന്ററി കമ്മിറ്റി (ജെപിസി)രൂപീകരിക്കാനുള്ള നീക്കത്തെ കോൺഗ്രസ് എത്ര ആസൂത്രിതമായാണ് പ്രതിരോധിച്ചതെന്ന് നമ്മൾ കണ്ടതാണ്. 2001-ലെ പാർലമെന്റിന്റെ ശീതകാല സമ്മേളനമാകെത്തന്നെ അന്ന് തടസപ്പെട്ടു.

പിന്നീട് സുപ്രീം കോടതി യുപിഎ അനുവദിച്ച 122 സ്പെക്ട്രം ലൈസൻസുകളും റദ്ദുചെയ്തു. തുടർന്നുണ്ടായ ജനകീയ സമ്മർദ്ദവും അഴിമതിയുടെ വലുപ്പവും സർക്കാരിനെ ജെപിസി രൂപീകരണത്തിനു നിർബന്ധിതരാക്കി. പക്ഷേ ഈ ജെപിസിയുടെ നടത്തിപ്പും പ്രവർത്തനവും മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടു പ്രകാരം തടസപ്പെട്ടിരിക്കുകയാണെന്നു വ്യക്തമായി.

ബിജെപി അംഗങ്ങൾ ജെപിസി പ്രവർത്തനത്തിലെ അപാകതകൾ എന്നും ചോദ്യം ചെയ്തു പോരുന്നുണ്ട്. അതിലെല്ലാമുപരി കേസിലെ മുഖ്യപ്രതികളിൽ ഒരാളായ എ.രാജ ജെപസിയുടെ മുന്നിൽ ഹാജരാകാനനുമതി ആവർത്തിച്ചു ചോദിക്കുന്നുണ്ട്. പക്ഷേ ഏകപക്ഷീയമായി ഈ ആവശ്യം അദ്ധ്യക്ഷൻ നിരസിക്കുകയാണ്. പാർലമെന്ററി കമ്മിറ്റികൾ സമവായത്തിലാണു പ്രവർത്തിക്കേണ്ടത്.

മുമ്പും മന്ത്രിമാർ പാർലമെന്ററി കമ്മിറ്റികൾക്കു മുന്നിൽ ഹാജരായിട്ടുണ്ട്. 1992-ൽ ഡോ. മൻമോഹൻ സിംഗുതന്നെ ഹാജരായി. അതേപോലെ ബിജെപി നേതാവ് യശ്വന്ത് സിൻഹയും.

ജെപിസി രൂപീകരിച്ചിരിക്കുന്നത് ഭരണ നിർവഹണ സംവിധാനത്തിന്റെ ഉത്തരവാദിത്തം ചുമത്തപ്പെടാനാണ്, പ്രത്യേകിച്ച് പാർലമെന്റിനോടുള്ള രാഷ്ട്രീയ ഭരണ നിർവഹണവത്വം. എ. രാജ സമിതി മുമ്പാകെ ഹാജരാകാനനുമതി ചോദിക്കുന്നു, അതു നിഷേധിക്കപ്പെടുന്നു. ടുജി കാര്യത്തിൽ തീരുമാനം എടുത്തത് അന്നത്തെ ധനമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും അറിവോടെയാണെന്നാണ് രാജ പറയുന്നത്. അറ്റോണി ജനറൽ വാഹന്വതിയും ഇക്കാര്യത്തിൽ രാജ പറയുന്നതിനെ പിന്തുണക്കുന്ന നിലപാടിലാണ്. ഇതെല്ലാം ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നു.

ഈ വിഷയത്തിൽ ജെപിസി ചെയർമാന് ആവർത്തിച്ചാവർത്തിച്ചു കത്തകളെഴുതിയിട്ടും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ബിജെപി മുൻ ധനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ യശ്വന്ത് സിൻഹ സ്പീക്കർക്കും പ്രധാനമന്ത്രിക്കും കത്തെഴുതേണ്ടിവന്നു.

പ്രധാനമന്ത്രിയും അന്നത്തെ ധനമന്ത്രിയും ജെപിസിക്കു മുന്നിൽ ഹാജരാകണമെന്ന് ബിജെപി ആവശ്യപ്പെടുന്നു. രാജ ആവശ്യപ്പെടുന്നതുപോലെ അദ്ദേഹത്തിനു ശജപിസി മുമ്പാകെ ഹാജരാകാൻ അനുമതി നൽകണമെന്നും ബിജെപി ആവശ്യപ്പെടുന്നു. ഈ വിഷയത്തിൽ ജെപിസി സ്വതന്ത്രവും നീതിയുക്തവുമായ അന്വേഷണം നടത്തി മുന്നേറണം.

**(ഒ.പി.കോഹ്ലി)**
**ഹെഡ്ക്വാർട്ടേഴ്സ് ഇൻ ചാർജ്**